## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം, കണ്ണൂർ, നിലമ്പൂർ, കോട്ടക്കൽ, തൊടുപുഴ, പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർഗോഡ് എന്നീ നഗരസഭകൾക്ക് റോഡ് നവീകരണത്തിനായി ആകെ 37.6 കോടി (മുപ്പത്തിയേഴ് കോടി അറുപത് ലക്ഷം) രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 627/2014/തസ്വഭവ തീയതി, തിരുവനന്തപുരം 03.03.2014

=====================================================================

പരാമർശം :- പൊതുമരാമത്ത് (R&B) വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05/05/2013ലെ CE/R&B/MN1/6953/12 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം നഗരസഭയിലെ റോഡ് നവീകരണത്തിനുള്ള നിർദ്ദേശം പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) വകുപ്പ് ചീഫ് എഞ്ചിനീയർ, പരാമർശ കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റോഡുകളുടെ ശോചനീയാവസ്ഥയും, നഗരസഭകളുടെ മോശമായ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് നടപ്പു സാമ്പത്തിക വർഷം, താഴെപ്പറയുന്ന തോതിൽ, അതാത് നഗരസഭകൾക്ക്, റോഡ് നവീകരണത്തിനായി ആകെ 37.6 കോടി (മുപ്പത്തിയേഴ് കോടി അറുപത് ലക്ഷം) രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

<table>
<tr><th colspan="2">നഗരസഭകൾ</th><th>തുക</th></tr>
<tr><td colspan="2">മലപ്പുറം</td><td>പതിനഞ്ച് കോടി</td></tr>
<tr><td colspan="2">കണ്ണൂർ</td><td>അഞ്ച് കോടി</td></tr>
<tr><td colspan="2">നിലമ്പൂർ, കോട്ടക്കൽ</td><td>നാലര കോടിവീതം<br>(ആകെ ഒൻപത് കോടി)</td></tr>
<tr><td>തൊടുപുഴ,</td><td>1.45 കോടി</td><td rowspan="2">ആകെ എട്ടുകോടി അറുപത് ലക്ഷം</td></tr>
<tr><td>പാല, കോട്ടയം, ആലപ്പുഴ,<br>പാലക്കാട്, കാസർഗോഡ്</td><td>1.43 കോടി<br>വീതം</td></tr>
</table>

അധികവിഹിതമായി ഇപ്പോൾ അനുവദിക്കുന്ന തുക (2013-14 വർഷം) നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം, മുനിസിപ്പാലിറ്റികൾക്ക് 2014-15 സാമ്പത്തിക വർഷം അനുവദിക്കുന്ന റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും തിരിച്ചുപിടിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (R&B) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), Kerala,Thiruvananthapuram.
ധനകാര്യ വകുപ്പ് (vide UO No. 12850/SFC-C1/2014/Fin. dtd. 04.02.2014)
പൊതുഭരണ (എസ്.സി) വകുപ്പ് (07.02.2014 ലെ 4876-ാം ഇനം മന്ത്രിസഭാ തീരുമാനം)
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി. എസ്
തസ്വഭവ. പ്രിൻ. സെക്രട്ടറിയുടെ പി. എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ